# അക്കാദമിക മാസ്റ്റർപ്ലാൻ 2025

## സെന്റ് .തോമസ് യു.പി. സ്കൂൾ

## പൊയ്യ

### ഉള്ളടക്കം


1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യലയത്തിന്റെ ലഘുചരിത്രം

4. വിദ്യാലയം മികവിന്റെകേന്ദ്രം- കാഴ്ചപ്പാട്

5. പദ്ധതി രൂപീകരണ പ്രക്രിയ വിവിധഘട്ടങ്ങൾ

6. നിലവിലെ അവസ്ഥ വിശകലനം

7.മികവിനായുള്ള പ്രവർത്തനങ്ങൾ-ഒറ്റനോട്ടത്തിൽ

8. പദ്ധതി വിശദാംശങ്ങൾ
(മേഖല,ഉപമേഖല,ലക്ഷ്യം,പ്രവർത്തനങ്ങൾ,കാലയളവ്,ചുമതല, സാമ്പത്തികം)

9. പ്രതീക്ഷിത നേട്ടങ്ങൾ

10. മോണിട്ടറിംഗ്

11. ഉപസംഹാരം


### ആമുഖം

പൊയ്യ ഗ്രാമപ്പഞ്ചായത്തിലെ പുളിപ്പറമ്പ് ഗ്രാമത്തിലാണ് വിദ്യാലയം സ്ഥിതിചെയ്യുന്നത്. ലിറ്റിൽ ഫ്ളവർ സുറിയാനി പള്ളി വിദ്യാലയത്തോട് ചേർന്ന് നിൽക്കുന്നു. പേരു പോലെ തന്നെ ഇളം തെന്നലേറ്റ് നൃത്തമാടുന്ന കവുങ്ങുകളും കേരവൃക്ഷങ്ങളും ഫലവൃക്ഷങ്ങളും തിങ്ങി നിറഞ്ഞു നിൽക്കുന്ന സുന്ദരമായ ഗ്രാമം.

പൊയ്യയിലെ പഞ്ഞിക്കാരൻ തോമൻ, തന്റെ താമസ സ്ഥലത്തോട് ചേർന്ന് അടുത്ത പ്രദേശങ്ങളുടെ അഭിവൃദ്ധിക്കായി ഒരു പ്രാഥമിക വിദ്യാലയത്തിന് വേണ്ടി തീവ്രമായി ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്തതിന്റെ പരിണിത ഫലമാണ് ഈ വിദ്യാലയത്തിന്റെ ആവിർഭാവം

### പൊതു ലക്ഷ്യങ്ങൾ:

1) ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും നൽകിയിരിക്കും.

2) അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കും.

3) ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെ ഒരോ ക്ലാസ്സ് അടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടർ രൂപപ്പെടുത്തും.

4) അധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തും.

## 3. വിദ്യാലയത്തിന്റെ ലഘു ചരിത്രം:

1956 ജൂൺ 4 ന് ലോവർ പ്രൈമറി വിദ്യാലയമായിട്ടാണ് തുടക്കം. അര ഏക്കർ സ്ഥലത്ത് വിദ്യാലയം ആരംഭിക്കുന്നതിന് ശ്രീ.തോമൻ സജ്ജീകരിച്ച താൽക്കാലിക ഷെഡിൽ ഒന്നും,രണ്ടും ക്ലാസുകളോടെ അധ്യയനം ആരംഭിച്ചു. 1964 ൽ യു. പി. സ്കൂളായി ഉയർ ത്തപ്പെട്ടു. പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ വിവിധ ക്ലാസുകളിലായി 170 ൽ പരം വിദ്യാർഥികൾ ഇവിടെ പഠിക്കുന്നു. 2000 ൽ ഈ വിദ്യാലയം ബെസ്റ്റ് സ്കൂളായി തിരഞ്ഞെടുക്കപ്പെട്ടു. പഞ്ഞിക്കാരൻ വറീത് തോമൻ,1956 ലെ പഞ്ചായത്ത് പ്രസിഡന്റ് പഞ്ഞിക്കാരൻ കൊച്ചൗസേപ്പ്,പൊയ്യ പള്ളി വികാരി ഫാ.പൗലോസ്,ഫാ. ജോസഫ് തെക്കിനിയത്ത്, ആദ്യത്തെ ഹെഡ്മിസ്ട്രസ് സിസ്റ്റർ റിച്ചാർഡ് എന്നിവരാണ് ആദ്യകാലങ്ങളിൽ ഈ വിദ്യാലയത്തിന് നേതൃത്വം നൽകിയവർ.

സന്തോഷ് പണിക്കശ്ശേരി (നീതിന്യായക്കോടതിയിലെ ന്യായാധിപൻ, ഇ. പി. ഗിരീഷ് (ആയുർവേദ ഡോക്ടർ), രാജു ടി. ആർ. (പഞ്ചായത്ത് പ്രസിഡന്റ്തുടങ്ങി രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ ഉയർന്നു നിൽക്കുന്ന നിരവധി പേർ ഈ വിദ്യാലയത്തിലെ പൂർവ വിദ്യാർഥികളാണ്. മാനേജ്മെന്റിന്റെ സഹായത്തോടെ 2011 ൽ വിദ്യലയം മനോഹരമായി പുതുക്കിപ്പണിതു.

## വിദ്യാലയം മികവിന്റെ കാഴ്ചപ്പാട്

- പാഠ പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ
- സമാന പ്രായമുള്ള കുട്ടികൾ നേടുന്നതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ
- പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലിക വാസികളാണ് മനുഷ്യർ എന്ന അവബോധത്തേടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിരമാക്കുവാനുമുള്ള കാഴ്ചപ്പാട് ഉണ്ടാക്കുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ വിവിധഘട്ടങ്ങൾ:

- എസ്. ആർ. ജി. യോഗത്തിൽ ്സ്കൂൾ വിഷൻ 100ൃ എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും
- വികസനാവശ്യങ്ങൾ ക്ലാസ്സ്/ വിഷയം അടിസ്ഥാനത്തിൽ ഭൗതീകം-അക്കാദമികം- സാമൂഹികം എന്നിങ്ങനെ തരംതിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
- കരട് രൂപരേഖ എസ്. ആർ. ജി, പി. ടി. എ, എം. പി. ടി. എ, ഒ. എസ്. എ,രാഷ്ട്രീയസംഘടന,ജനപ്രതിനിധിൾ,എന്നിവരടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിക്കൽ
- ശിൽപശാലയിൽ ഉയർന്ന് വരുന്ന നിർദേശങ്ങൾ കൂട്ടിച്ചേർക്കൽ
- പി. ടി. എ യുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ

## നിലവിലെ അവസ്ഥാവിശകലനം

### ഭൗതീകം നേട്ടങ്ങൾ

12 ക്ലാസ്സുമുറികളും, ഓഫീസ് മുറി, കമ്പ്യൂട്ടർലാബ് , ലൈബ്രറി,കുട്ടികൾക്ക് ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള ഭക്ഷണശാല എന്നിവയെല്ലാമുള്ള മനോഹരമായ സ്കൂൾ കെട്ടിടം മനേജ്മെന്റ്പണി കഴിപ്പിച്ചിട്ടുണ്ട്. ഇവയിൽ ഹൈടെക് സംവിധാനം ക്രമീകരിക്കുന്നതിനായി ഇലക്ട്രിഫിക്കേഷൻ കഴിഞ്ഞിട്ടുണ്ട്.

### ഭൗതീകം പരിമിതികൾ

കായികാര്യോഗ്യത്തെ വർദ്ധിപ്പിക്കാനുതകുന്ന സൗകര്യങ്ങൾ ഇല്ല.

### അക്കാദമികം നേട്ടങ്ങൾ

- ഇംഗ്ലീഷിൽ സംസാരിക്കാൻ കുട്ടികളെ കഴിവുറ്റവരാക്കുന്നതിനായി പ്രത്യേകം ഒരു സെഷൻ തന്നെ ക്രമീകരിച്ചിട്ടുണ്ട്. കെ. സി. എസ്. ൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- വായനാപരിപോഷണത്തിനായി അടുത്തുള്ള ഗ്രന്ഥശാലയിൽ കുട്ടികൾ അംഗങ്ങളാണ്. മാസത്തിലൊരിക്കൽ സാൻതോം റേഡിയോ പ്രക്ഷേപണം നടത്തുന്നു. മലയാളത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി നടത്തി വരുന്ന അക്ഷരദീപം ക്ലാസ്സുകൾ ശ്രദ്ധേയമാണ്

### അക്കാദമികം പരിമിതികൾ

അക്കാദമിക തലത്തിൽ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. ക്ലാസ്സ് ലൈബ്രറികൾ ക്രമീകരിച്ചിട്ടില്ല. കലാകായിക പരിശീലനത്തിന് അധ്യാപകരുടെ പൂർണ്ണ സമയ സേവനം ലഭ്യമാകുന്നില്ല.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## അക്കാദമികം

- ഭാഷാശേഷിവികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് ഭാഷാ പരിപോഷണം
- ശാസ്ത്രപോഷണ പരിപാടികൾ
- വായനാപരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ജൈവവൈവിധ്യ പാർക്ക്
- പഠനയാത്രകൾ
- സെമിനാറുകൾ
- കലാകായികമേള
- ഐ.ടി.പരിശീലനം
- ക്ലാസ്സ്പി.ടി.എ. സജീവമാക്കൽ
- സ്കൂൾപത്രം/മാസിക
- പ്രവൃത്തിപരിചയ പഠനം
- എസ്. ആർ. ജി. ശാക്തീകരണം
- ശാസ്ത്രാഭിരുചി വളർത്തൽ
- മെഡിക്കൽ ക്യാമ്പ്
- ഗണിത ലാബ്

## ഭൗതീകം

- ജന്മദിനത്തിനൊരു പുസ്തകം
- ചിത്രരചന

- എന്റെവീട്ടിലും ഒരു കൃഷിത്തോട്ടം
- ഭാഷോത്സവം
- ഗണിതോത്സവം
- അസംബ്ലി ഹാൾ
- മൾട്ടിമീഡിയ റൂം
- ലബോറട്ടറി
- അടുക്കളയും സ്റ്റോറൂം
- റേഡിയോ പ്രക്ഷേപണ സ്റ്റുഡിയോ

സാമൂഹികം

- പി.ടി.എ. ശക്തിപ്പെടുത്തൽ
- ഒ.എസ്.എ.യുടെ പ്രവർത്തനം
- വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ
- പ്രാദേശിക പി.ടി.എ.
- ഭവന സന്ദർശനം
- എസ്. എസ്. ജി.
- വിദ്യാലയ വികസന സമിതി
- വിദ്യാലയ സുരക്ഷ സമിതി

## പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾ ക്കും ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ ഒരു ദിവസം അസംബ്ലിയുടെ എല്ലാ പരിപാടികളും കുട്ടികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. ഓരോ ക്ലാസ്സും മാറിമാറി ചെയ്യുന്നു. | ആഴ്ചയി ൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും, വീട്ടിലും നടക്കുന്ന കാര്യങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതൽ | ആഴ്ചയി ൽ 5 ദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തിയറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മക പ്രവർത്തനങ്ങ ൾ ഇംഗ്ലീഷിൽ അവതരിപ്പിക്കൽ | പാഠഭാഗങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലെഴുതി സ്റ്റേജിൽ അവതരിപ്പിക്കൽ ഉദാ: ഡ്രാമ, സ്കിറ്റ് | പ്രതിമാസം | ക്ലാസ് ടീച്ചർ<br><br>ഇംഗ്ലീഷ് അധ്യാപകൻ | 2000 |

പ്രവർത്തനം 4

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല : ഇംഗ്ലീഷ് സർഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മക രചന ഇംഗ്ലീഷിൽ നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും വിവിധ വിഷയങ്ങൾ ആസ്പദമാക്കി ബുള്ളറ്റിൻ തയ്യാറാക്കൽ ഉദാ: സ്വാതന്ത്ര്യം | പ്രതിമാസം | ഇംഗ്ലീഷ് അധ്യാപകൻ<br>H.M | 1000<br>സ്പോൺസർഷിപ്പ് |

പ്രവർത്തനം 5

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് വ്യാകരണ ശുദ്ധിയോടെ പറയാനും എഴുതാനും കഴിയുന്ന ഘട്ടത്തിലേക്ക് എത്തിക്കുക | വർഷത്തിൽ ഒരു ദിവസം എല്ലാ പ്രവർത്ത നങ്ങളും ഇംഗ്ലീഷിൽ നടത്തുന്നു | വർഷത്തിൽ ഒരു ദിവസം | ഇംഗ്ലീഷ് അധ്യാപകൻ<br>H.M | 1000<br>സ്പോൺസർഷിപ് |

പ്രവർത്തനം 6

പേര് : ഇംഗ്ലീഷിൽ കത്തെഴുതൽ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തകം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ പ്രവർത്തനങ്ങൾ അടുത്ത വിദ്യാലയങ്ങളിലെ കുട്ടികളുമായി കത്തിലൂടെ പങ്കിടൽ | മാസത്തി ൽ ഒന്ന് | ക്ലാസ് ടീച്ചർ | 500 |

പ്രവർത്തനം 7

പേര് : ഇംഗ്ലീഷ് ഷോർട്ട് ഫിലിം

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ്ഭാഷ അനായാസം ഗ്രഹിക്കുന്നതിന് ശേഷി നേടൽ | മാസത്തിലൊരിക്ക ൽ ഷോർട്ട് ഫിലിം കാണുകയും ഗ്രഹിച്ച കാര്യങ്ങൾ അവതരിപ്പിക്കു കയും ചെയ്യുക | മാസത്തിൽ ഒന്ന് | H.M | 2500 |

പ്രവർത്തനം 8

പേര് : ഈസി ഇംഗ്ലീഷ്

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ഒഴുക്കോടെ സംസാരിക്കാനുള്ള ശേഷി നേടൽ | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷി ൽ പ്രാവീണ്യം നേടിയവരുടെ ക്ലാസ്സുകൾ | പ്രതിവർഷം 32 ക്ലാസ്സുകൾ | റിസോഴ്സ് പേഴ്സൺ | 52000 |

പ്രവർത്തനം 9

പ്രവർത്തനത്തിന്റെ പേര് : പദപ്രശ്ന നിർമാണം

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | പദപ്രശ്നം ഇംഗ്ലീഷി ൽ നിർമിക്കുന്നു. ഉത്തരം കണ്ടെത്താ ൻ നിശ്ചിത ദിവസം നൽകുന്നു. നറുക്കെടുത്ത് വിജയികളെ തിരഞ്ഞെടുക്കുന്നു | മാസത്തി ൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം 10

പ്രവർത്തനത്തിൻറെ പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സുമുറികളിൽ പ്രസിദ്ധീകരണങ്ങ ൾ പുസ്തകങ്ങ ൾ എന്നിവയുടെ ശേഖരം ഒരുക്കൽ, കാണാവുന്ന സ്ഥലത്ത് പ്രദർശി പ്പിക്കൽ | മാസത്തി ൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം 11

പ്രവർത്തനത്തിൻറെ പേര് : ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|
| ഭാഷ അനായാസം കൈകാര്യം ചെയ്യാൻ അറിയുക | പ്രീടെസ്റ്റ്<br>*അക്ഷരം ഉറപ്പിക്കൽ<br>*അക്ഷര കാർഡ് നൽകൽ,<br>*പദകാർഡ്<br>*വാക്കുകൾ നിർമ്മിക്കൽ,<br>*വാക്യങ്ങൾ നിർമ്മിക്കൽ,<br>*ചിത്രം- കഥപറയൽ,<br>*ചിത്രം-കഥ എഴുതൽ<br>*കഥ-ബാക്കി എഴുതൽ | 3 മാസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 12

പ്രവർത്തനത്തിൻറെ പേര് : രചനാ ശിൽപ്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സർഗാത്മകരചനകളി ൽ ഏർപ്പെടാൻ അവസരമൊരുക്കൽ | കവിയരങ്ങ്/കഥയരങ്ങ്, രചനാ ശിൽപ്പശാല എന്നിവ സംഘടിപ്പിക്കൽ,<br><br>രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ | 6 മാസത്തിൽ ഒന്ന് | വിദ്യരംഗം /കലാസാഹിത്യവേദി | 2500/<br><br>സ്പോൺസർഷിപ് |

പ്രവർത്തനം 13

പ്രവർത്തനത്തിൻറെ പേര് : സർഗ്ഗ സല്ലാപം

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മാതൃഭാഷയിലൂ ടെ വിവിധ ശേഷികൾ നേടുന്നു | * പ്രദേശത്ത് ലഭ്യമാകുന്ന എഴുത്തുകാരെ വിദ്യാലയത്തിൽ വരുത്തുക. അവരുടെ വായന/ ലേഖനം അനുഭവങ്ങ ൾ കുട്ടികളുമായി പങ്കുവയ്ക്കൽ | വഷത്തിൽ 2 | എച്ച്.എം, പി.ടി.എ. | 2000/<br><br>സ്പോൺസർഷിപ് |

പ്രവർത്തനം 14

പ്രവർത്തനത്തിൻറെ പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങ ൾ പരിചയപ്പെടൽ | ഗ്രന്ഥശാലയിലേക്ക് ഭവന സന്ദർ ശനത്തിലൂടെ കൂടുതൽ പുസ്തകങ്ങ ൾ സമാഹരിക്കൽ<br><br>തരംതിരിച്ച് ക്രമീകരിക്കൽ<br><br>കാറ്റലോഗ് വിതരണ രജിസ്റ്റർ എന്നിവ ഉണ്ടാക്കൽ | വഷത്തിൽ 2 | എച്ച്.എം, പി.ടി.എ. | 2000/<br><br>സ്പോൺസർഷിപ് |

പ്രവർത്തനം 15

പ്രവർത്തനത്തിൻറെ പേര് : നാടകക്കളരി

ഉപമേഖല : മാതൃഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| ഒരു വ്യവഹാര രൂപത്തെ മറ്റൊന്നിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുക ൾ / കഥകൾ എന്നിവയുടെ നാടകാവിഷ്കാരം | ടേമിൽ ഒന്ന് | ആർട്സ് ക്ലബ് | |

**പ്രവർത്തനം 16**

**പ്രവർത്തനത്തിൻറെ പേര് : അഭിമുഖങ്ങൾ /സെമിനാറുകൾ**

**ഉപമേഖല : മാതൃഭാഷാശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ ശേഷികളുടെ പരിപോഷണം | പ്രശസ്ത സാഹിത്യകാര ൻമാരുമായി അഭിമുഖം നടത്ത ൽ, സാഹിത്യകാര ൻമാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വഷത്തിൽ 1 | ഒ.എസ്.എ. | 10000/ |

**പ്രവർത്തനം 17**

**പ്രവർത്തനത്തിൻറെ പേര് : റേഡിയോ നെല്ലിക്ക**

**ഉപമേഖല : ഭാഷയുടെ പ്രകടനാത്മകത**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിലെ ഓഫീസിൽനിന്ന് എല്ലാ ക്ലാസ്സിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഉച്ചസമയത്ത് റേഡിയോ പ്രക്ഷേപണം.<br><br>കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം. ഔദ്യേഗിക അറിയിപ്പുകൾ നൽ കൽ | ആഴ്ചയിൽ ഒന്ന് | എസ്.ആർ.ജി | 1000/ |

**പ്രവർത്തനം 18**

**പ്രവർത്തനത്തിൻറെ പേര് : ദിനാചരണങ്ങൾ**

**ഉപമേഖല : സമഗ്രവികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുത ൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്. ആർ. ജി. യി ൽ ചർച്ച ചെയ്യുന്നു.<br><br>നിശ്ചിത ദിവസങ്ങളിൽ അവ നടപ്പാക്കുന്നു | അതാത് ദിനങ്ങളി ൽ | എസ്.ആർ .ജി.<br><br>ഗണിത ക്ലബ്ബ് | 10000 ഒ.എസ്.എ. |

## പ്രവർത്തനം 19

പ്രവർത്തനത്തിൻറെ പേര് : ഗണിത ലാബ് സജ്ജീകരിക്കൽ

ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്ക ൽ, ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ .ജി.<br><br>ഒ.എസ്.എ . | |

## പ്രവർത്തനം 20

പ്രവർത്തനത്തിൻറെ പേര് : ശാസ്ത്ര ലാബ് നവീകരിക്കൽ

ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രലാബ് സജ്ജീകരിക്കൽ | ശാസ്ത്രലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഇനം തിരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ | വർഷത്തി ൽ 1 | സയൻസ് ക്ലബ്ബ് | 5000/ എസ്.എസ്. ജി. |

## പ്രവർത്തനം 21

പ്രവർത്തനത്തിൻറെ പേര് : ശാസ്ത്രപോഷണ പരിപാടി

ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രത്തോട് അഭിരുചി വളർത്തൽ | ശാസ്ത്രത്തിന്റെ രീതി, ശാസ്ത്രം ജനനൻമക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, | മാസത്തിൽ 2 | സയൻസ് ക്ലബ്ബ് | 5000/ എസ്.എസ്. ജി. |

| | | | | |
|---|---|---|---|---|
| | സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ | | | |

**പ്രവർത്തനം 22**

**പ്രവർത്തനത്തിൻറെ പേര്** : **ശാസ്ത്രയാത്രകൾ**

**ഉപമേഖല** : **അക്കാദമികം/ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പ്രദർ ശനങ്ങൾ, ശാസ്ത്ര സമൂഹ കേന്ദ്രങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠന യാത്രകൾ | വർ ഷത്തിൽ 2 | സയൻസ് ക്ലബ്ബ് | 10000 പി.ടി.എ ഒ.എസ്.എ. |

**പ്രവർത്തനം 23**

**പ്രവർത്തനത്തിൻറെ പേര്** : **മേളകൾ**

**ഉപമേഖല** : **അക്കാദമികം/ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രമേളക ൾ | സ്കൂൾ തല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാ തലത്തി ൽ പരമാവധി പങ്കാളിത്തം | വഷത്തി ൽ 1 | സയൻസ് ക്ലബ്ബ് | 2000 സ്പോൺസർഷിപ് |

**പ്രവർത്തനം 24**

**പ്രവർത്തനത്തിൻറെ പേര്** : **സാമൂഹ്യശാസ്ത്രലാബ്**

**ഉപമേഖല** : **അക്കാദമികം/സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് സജ്ജമാക്കൽ, | വഷത്തി ൽ 1 | സാമൂഹ്യ ശാസ്ത്രക്ലബ്ബ് | 5000 പി.ടി.എ |

**പ്രവർത്തനം 25**

**പ്രവർത്തനത്തിൻറെ പേര്** : **പഠനയാത്രകൾ**

ഉപമേഖല : അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കൽ | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തി ൽ 1 | എസ്. ആർ. ജി. | 2000/ സ്പോൺ സർഷിപ് |

## പ്രവർത്തനം 26

പ്രവർത്തനത്തിൻറെ പേര് : സ്കൂൾ പാർലമെന്റ്

ഉപമേഖല : അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങ ൾ വളർത്തിയെടുക്കൽ<br><br>തീരുമാനമെടുക്കൽ പ്രക്രിയയിൽ കുട്ടികളുടെ പങ്കാളിത്തം | പ്രകടനപത്രിക സമർപ്പണം, പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പ ർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂ ടെ സ്കൂൾ പാർലമെന്റ് രൂപീകരിക്ക ൽ | ഓണക്കാല സമ്മേളനം<br>2.ക്രിസ്തുമസ് സമ്മേളനം<br>3.വേനക്കാല സമ്മേള നം | സോഷ്യ ൽ സയൻസ് ടീച്ചർ<br><br>എസ്. ആർ. ജി. | |

## പ്രവർത്തനം 27

പ്രവർത്തത്തിൻറെ പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

ഉപമേഖല : അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ലോകത്തിലേ ക്ക് പ്രവേശിപ്പിക്കൽ | അധിക വായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവയെല്ലാം ക്രമീകരിച്ച സാമൂഹ്യ ശാസ്ത്ര വായനാ കോർണർ ഒരുക്കൽ | വർഷത്തിൽ 1 പ്രാവശ്യം | സാമൂഹ്യ ശാസ്ത്രക്ലബ്. | 1000 |

## പ്രവർത്തനം 28

പ്രവർത്തനത്തിൻറെ പേര് : ബുള്ളറ്റിൻ ബോർഡ്

ഉപമേഖല : അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | എല്ലാ വിദ്യാർഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബോർഡ് സ്ഥാപിക്കുക, പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുക | ആഴ്ചയിൽ ഒരിക്കൽ | സാമൂഹ്യ ശാസ്ത്രക്ലബ്ബ്. | 1000 പി.ടി.എ |

## പ്രവർത്തനം 29

പ്രവർത്തനത്തിൻറെ പേര് : രാഷ്ട്രഭാഷ,ശ്രേഷ്ഠഭാഷ

ഉപമേഖല : അക്കാദമികം/ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്ക ൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്ക ൽ | മാസത്തിൽ 1 | ഹിന്ദി ക്ലബ്ബ് | 2000 സ്പോൺസർഷിപ് |

## പ്രവർത്തനം 30

പ്രവർത്തനത്തിൻറെ പേര് : ഹിന്ദി അസംബ്ലി

ഉപമേഖല : അക്കാദമികം/ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | അസംബ്ലിയുടെ എല്ലാ പരിപാടികളും കുട്ടികൾ ഹിന്ദിയി ൽ അവതരിപ്പിക്കുന്നു. ഓരോ ക്ലാസ്സും മാറിമാറി ചെയ്യുന്നു | ആഴ്ചയിൽ ഒരു ദിവസം | ഹിന്ദി ടീച്ചർ | |

## പ്രവർത്തനം 31

പ്രവർത്തനത്തിൻറെ പേര് : ഐ.ടി.ശാക്തീകണം

ഉപമേഖല : അക്കാദമികം/ ഐ.ടി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ സാക്ഷരത ഉറപ്പുവരുത്തുക | കമ്പ്യൂട്ടർ അറിയാനും ഫലപ്രദമായി ഉപയോഗിക്കാനും അവസരമൊരുക്കൽ | ആഴ്ചയിൽ 3 ദിവസം | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം 32

പ്രവർത്തനത്തിൻറെ പേര് : കലാമേള

ഉപമേഖല : അക്കാദമികം/കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാവാസനകളുടെ പരിപോഷണം | നൃത്തം, സംഗീതം തുടങ്ങിയ കലകളുടെ പരിശീലനം നൽകൽ | ആഴ്ചയിൽ 3 ദിവസം | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം 33

പ്രവർത്തനത്തിൻറെ പേര് : ചിത്രരചനാക്കളരി

ഉപമേഖല : അക്കാദമികം/കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | ചിത്രരചനാ പരിശീലനം | ആഴ്ചയിൽ 2 ദിവസം | ഡ്രോയിംഗ് ടീച്ചർ | |

## പ്രവർത്തനം 34

പ്രവർത്തനത്തിൻറെ പേര് : കായികപരിശീലനം

ഉപമേഖല : അക്കാദമികം/ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായികപരിശീലനം കാര്യക്ഷമമാക്ക ൽ | രാവിലേയും വൈകുന്നേരവും കുട്ടികൾക്ക് കായിക പരിശീലനം | ആഴ്ചയിൽ 2 ദിവസം | കായിക അധ്യാപകൻ<br>പി.ടി.എ | 5000 സ്പോൺസർഷിപ് |

## പ്രവർത്തനം 35

പ്രവർത്തനത്തിൻറെ പേര് : കായിക താരങ്ങൾക്ക് അവാർഡ് /സമ്മാനങ്ങൾ

ഉപമേഖല : അക്കാദമികം/ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| താരങ്ങൾക്ക് അവാർഡ് / സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതലം, ഉപജില്ലാതലം, ജില്ലാതലം വിജയികൾക്ക് അവാർഡ് നൽകൽ ഓരോ തലത്തിലേയും മത്സരങ്ങൾക്ക് ശേഷം | | കായിക അധ്യാപകൻ<br>എച്ച്.എം | 2500 ഒ.എസ്.എ |

## പ്രവർത്തനം 36

പ്രവർത്തനത്തിൻറെ പേര് : മെഡിക്കൽ ക്യാമ്പ്

ഉപമേഖല : അക്കാദമികം/ ആരോഗ്യ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | കുട്ടികൾക്ക് സമഗ്രമായ വൈദ്യ പരിശോധന നടത്തൽ | വർഷത്തിൽ 1 പ്രാവശ്യം | പി.ടി.എ<br>എച്ച്.എം | 1000 |

## പ്രവർത്തനം 37

പ്രവർത്തനത്തിൻറെ പേര് : പച്ചക്കറിത്തോട്ടം

ഉപമേഖല : അക്കാദമികം/ ആരോഗ്യ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് പച്ചക്കറിത്തോട്ടം നിർമ്മിക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എസ്.ആർ. ജി എസ്.എസ്.ജി | 5000/ കൃഷി വകുപ്പ് |

## പ്രവർത്തനം 38

പ്രവർത്തനത്തിൻറെ പേര് : ജൈവവൈവിധ്യ പാർക്ക്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയുക | സ്കൂൾ പരിസരം ഹരിതാഭമാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എസ്.ആർ. ജി എസ്.എസ്.ജി പി.ടി.എ | 1000/ എസ്.എസ്.എ |

## പ്രവർത്തനം 39

പ്രവർത്തനത്തിൻറെ പേര് : ക്ലാസ്സ്പി .ടി.എ. സജീവമാക്കൽ

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠനം മെച്ചപ്പെടുത്തൽ | ക്ലാസ്സ്പി.ടി.എ. പ്രതിമാസം ചേര ൽ, പഠനപുരോഗതി പരിശോധിക്കൽ മികവുകളുടെഅവതരണം | മാസത്തിൽ 1 പ്രാവശ്യം | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം 40

പ്രവർത്തനത്തിൻറെ പേര് : പോഷകാഹാരപരിപാടി

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അത്യന്താപേക്ഷിതം | ഓരോ ദിവസവും വ്യത്യസ്തമായ മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽക ൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ എച്ച്.എം പി.ടി.എ | 100000/ ഗവ.ഫണ്ട് |

## പ്രവർത്തനം 41

പ്രവർത്തനത്തിൻറെ പേര് : ജന്മദിനത്തിനൊരു പുസ്തകം

ഉപമേഖല : അക്കാദമികം/ക്ലാസ് ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ 1 പുസ്തകം വീതം ക്ലാസ്സ് ലൈബ്രറിയിലേക്ക് നൽകൽ | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ<br>ക്ലാസ്സ് ലീഡർ | |

## പ്രവർത്തനം 42

പ്രവർത്തനത്തിൻറെ പേര് : വർക് ഷീറ്റ് നിർമിക്കൽ

ഉപമേഖല : അക്കാദമികം/സർഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞ ബാല സാഹിത്യ മാസികകളിലെ ചിത്രങ്ങ ൾ ഒട്ടിച്ച് അനു യോജ്യമായ അടിക്കുറിപ്പ്, കഥ, കവിത എന്നിവ എ ഴുതി വർക് ഷീറ്റ് തയ്യാറാക്കൽ | മാസത്തിൽ 1 | എസ്.ആർ . ജി | |

## പ്രതീക്ഷിത നേട്ടങ്ങൾ

- കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ.
- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ കഴിയുന്നു.

## മോണിട്ടറിംഗ് രീതി

മോണിട്ടറിംഗ്  സ്കൂൾ തലം മുതൽ ശക്തമാക്കുന്നു. ദൈനംദിന മോണിട്ടറിംഗ് എച്ച്. എം, എസ്. ആർ. ജി. കൺവീനർ, പി. ടി. എ. പ്രസിഡന്റ്എന്നിവരുടെ നേതൃത്വത്തിൽ നടത്താം

## ഉപസംഹാരം

മനുഷ്യനെ മനുഷ്യതമുള്ളവനാക്കുന്ന മഹാപ്രകിയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണം ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉണ്ടാക്കുന്നു. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിലുള്ള കർമ്മപദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം.  അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ്    ഈ യജ്ഞത്തിൽ പങ്കാളിയാവുക എന്നുള്ളത്. നാട്യങ്ങളില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ ഉജ്ജ്വലിപ്പിക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.